മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു. മുൻപ് പലപ്പോഴും കമ്മിറ്റി അംഗങ്ങളാണ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നത്. ഇന്ന് മൂന്ന് കമ്മിറ്റികളുടെ ചെയർമാന്മാരുമുണ്ടായിരുന്നു. ഇന്നു മുതൽ ഇതു നടപ്പിലായിരിക്കുകയാണ്. എല്ലാവർക്കും ഇതു ബാധകമാണ്. റൂൾ എന്നു പറയുന്നത് മന്ത്രിമാർക്കും മറ്റെല്ലാവർക്കും ബാധകമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, നല്ല കാര്യമാണ്. മൂന്നു ചെയർമാന്മാരും സഭയിലുണ്ടായി. അതു ബഹുമാനപ്പെട്ട മന്ത്രിമാരും മനസ്സിലാക്കണം.

V ധനകാര്യം

1999-2000 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ നമ്പർ	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1999-2000				
		25-3-1999 ൽ സഭ പാസാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
IX	വാഹന നികുതികൾ	4,79,00,000	....	9,58,00,000	.....	9,58,00,000
XLI	ഗതാഗതം	4,99,13,000	7,00,00,000	9,98,27,000	14,00,00,000	23,98,27,000
XXXIV	വനം	53,79,37,000	2,38,33,000	1,07,58,73,000	4,76,67,000	1,12,35,40,000
XXIV	തൊഴിലും തൊഴിലാളിക്ഷേമവും	41,32,45,000	3,10,000	82,64,91,000	6,20,000	82,71,11,000

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ഡോ. പി. ജെ. ജോസഫ്) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

1999-2000 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് സംബന്ധിച്ച ഉപക്ഷേപങ്ങൾ

ധനാഭ്യർത്ഥന നമ്പർ IX—വാഹന നികുതികൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ഇ. എം. അഗസ്തി : സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,58,00,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(മോട്ടോർ വാഹനങ്ങൾക്ക് ഒരേ സമയം നിരവധി വർഷങ്ങൾക്കുള്ള ടാക്സ് അടയ്ക്കണമെന്ന നയം നിരാകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീ. വി. ബാലറാം : സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,58,00,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(മോട്ടോർ വാഹനങ്ങളിൽ പാചകവാതകഗ്യാസ് ഉപയോഗിക്കുന്നതിനേയും അതുപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷ ഏർപ്പാടുകളെയും പറ്റിയുള്ള നയം പ്രഖ്യാപിക്കണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീ. പി. ജെ. ജോയി : സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,58,00,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(മോട്ടോർ വാഹനങ്ങളുടെ മത്സര ഓട്ടംമൂലം അപകടമുണ്ടാകുന്ന പക്ഷം അപകടത്തിൽപ്പെട്ട വാഹനങ്ങൾക്ക് പെർമിറ്റ് പുതുക്കി കൊടുക്കാതിരിക്കുന്നതും അപകടത്തിനിടയാക്കിയ ജീവനക്കാരുടെ ഡ്രൈവിംഗ് ലൈസൻസ് ക്യാൻസൽ ചെയ്യുന്നതുമായ നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly